

# കാട്ടുകള്ളന്മാർ ഓടുന്നേ....

• ശങ്കു ചേർത്തല

വെളിയിൽ പതിവില്ലാത്ത ബഹളം കേട്ടാണ് മൃഗ രാജൻ ഉച്ചയുറക്കത്തിൽ നിന്നുണർന്നത്. തിരുമേനി കാര്യമറിയാൻ പുറത്തേക്ക് വന്നു. മന്ത്രി ചെന്നായയും ഉപദേശകൻ കുറുക്കനും ഉത്കണ്ഠയോടെ വെളിയിലുണ്ട്.

''നിങ്ങൾ ഇവിടെ ഉണ്ടായിട്ടാണോ ഈ ശബ്ദകോലാഹലങ്ങൾ? ആരാണ് ബഹളം വെക്കുന്നത്. എന്താ കാര്യം?''

തിരുമേനി അസ്വസ്ഥനായി.

''തിരുമനസ്സ് ക്ഷമിക്കണം. കാട്ടിലെ മൃഗങ്ങളെല്ലാം കൊട്ടാരമുറ്റത്തുണ്ട്.'' മന്ത്രി ചെന്നായ വിനയത്തോടെ അറിയിച്ചു.

''അവർക്ക് തിരുമനസ്സിനെ കാണണമത്രെ.''

''ശരി, ശാന്തരാകാൻ പറയൂ.. നാം

▸▸ സ്വതന്ത്ര ഇന്ത്യയിലെ ആദ്യ ബജറ്റ് അവതരിപ്പിച്ചത് – ആർ. കെ ഷൺമുഖം ചെട്ടി

വരികയായി.''

മന്ത്രി ചെന്നായ് തിടുക്കത്തിൽ വെളിയിലേക്ക് ഇറങ്ങിപ്പോയി. ശബ്ദ കോലാഹലങ്ങൾ പെട്ടെന്ന് നിലച്ചു. മൃഗരാജൻ മെല്ലെ കൊട്ടാരത്തിന്റെ പടവുകൾ ഇറങ്ങി നേരെ പ്രജകളുടെ മുന്നിലെത്തി. ''മൃഗരാജൻ നീണാൾ വാഴട്ടെ!'' മൃഗങ്ങൾ ഒന്നടങ്കം തിരുമേനിയെ സ്വാഗതം ചെയ്തു. മുന്നിൽ ആനക്കൂട്ടമാണ്.

കടുവകൾ, കരടികൾ, പുലികൾ, മാൻ വർഗങ്ങൾ, കാട്ടുപോത്തുകൾ, കുരങ്ങുകൾ, കാട്ടുപക്ഷികളായ മലമുഴക്കി വേഴാമ്പൽ എല്ലാവരുമുണ്ട്.

''ഇത് പതിവില്ലാത്തതാണല്ലോ.. എന്താ എല്ലാവരുംകൂടെ..?''

തിരുമേനി ഗൗരവപൂർവം ആനകളുടെ മുഖത്തേക്ക് നോക്കി. ആനകളുടെ നേതാവ് മസ്തകൻ മുന്നോട്ട് നീങ്ങി നിന്ന് തങ്ങളുടെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി:

''തിരുമനസ്സേ, കാട്ടിലെ നീരൊഴുക്ക് കുറയുകയാണ്. നദികളും തടാകങ്ങളും താമസിയാതെ വറ്റി വരളും. ഈ നിലയ്ക്കു പോയാൽ മൃഗങ്ങളും പക്ഷികളും കുടിക്കാനും കുളിക്കാനും വെള്ളമില്ലാതെ വലയും. അങ്ങ് ഉടനെ ഇക്കാര്യത്തിൽ ഇടപെട്ട് എന്തെങ്കിലും പരിഹാരം ഉണ്ടാക്കണം.''

''നിങ്ങളുടെ ബുദ്ധിമുട്ടും വിഷമവും നാം മനസ്സിലാക്കുന്നു. കാട്ടിലെ ജലസ്രോതസ്സുകളെല്ലാം കടുത്ത വരൾച്ച നേരിടുകയാണ്.''

''ഇതൊന്നും നമ്മുടെ ഭരണത്തിന്റെ പോരായ്മകൊണ്ട് സംഭവിക്കുന്നതല്ല. കാടുതന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്നത് നിങ്ങൾ ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? കാട്ടു മരങ്ങൾ വെട്ടിക്കടത്തുന്ന മനുഷ്യർ ചെയ്യുന്ന കൊടും ക്രൂരതയുടെ ഫലമാണിത്.''

''പക്ഷേ തിരുമനസ്സേ, മനുഷ്യർ കാട്ടിലേക്ക് കടക്കാതിരിക്കാൻ നോക്കിയാൽ ഈ ദുരന്തം ഒഴിവാക്കാൻ കഴിയുമെന്നാണോ അങ്ങു പറയുന്നത്?''

മസ്തകൻ ആന ഇടയ്ക്കു കയറി ചോദിച്ചു.

''തീർച്ചയായും, അതു മാത്രമേ പരിഹാരമുള്ളൂ. വനങ്ങളാണ് മഴ പെയ്യാൻ സഹായിക്കുന്നത്. മഴ കിട്ടാത്തതു കൊണ്ടാണ് നദികളും നീർച്ചോലകളും വറ്റി വരളുന്നത്.'' മൃഗരാജൻ പറഞ്ഞു.

**എലിമാൻ**

ഹിമാലയൻ കാടുകളിൽ സർവ്വസാധാരണമായി കാണുന്ന പ്രത്യേകതരം ജീവിയാണ് എലിമാൻ. വലിയൊരു മാനിന്റെ തനിപ്പകർപ്പ്. മാനിന്റെ എല്ലാ ഭംഗിയുമുണ്ട് ഇവന്. ഒരൊറ്റ പ്രശ്നം മാത്രം. മൂപ്പർക്ക് ഒരടിയിൽ താഴെയാണ് പൊക്കം. ഇതേ വലുപ്പമുള്ള മറ്റു ജീവികളെക്കാൾ കൂടിയ വേഗത എലിമാനുണ്ട്. പ്രത്യേകതരത്തിൽ ചാടിച്ചാടി (പന്തെന്ന പോലെ) യാണ് ഈ ജീവി ഓടുന്നത്.



▸▸ തിരഞ്ഞെടുപ്പുകളെ പറ്റിയുള്ള ശാസ്ത്രീയ പഠനശാഖ– സെഫോളജി

''മഴ കുറയുന്നത് മനുഷ്യജീവിതത്തെയും ബാധിക്കില്ലേ തിരുമനസ്സേ..?'' വേഴാമ്പൽ തന്റെ വലിയ കൊക്കും ചിറകും ഇളക്കി ചോദിച്ചു.

''കാടുള്ളതുകൊണ്ടാണ് നാടുള്ളതെന്ന് മനുഷ്യൻ ഓർക്കുന്നില്ല. എല്ലാവരും അങ്ങനെയാണെന്നല്ല. വനത്തിൽ കടന്ന് മരങ്ങൾ കട്ടു മുറിച്ചുകടത്തുന്ന കാട്ടുകള്ളൻമാരാണ് മുഖ്യ ശത്രുക്കൾ. കാട് സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. നമ്മുടെ നിലനിൽപ്പിന് നമ്മൾ ഒത്തൊരുമിക്കണം.'' അതുവരെ മിണ്ടാതെ നിന്ന കടുവ മീശ വിറപ്പിച്ച് കടുത്ത ഭാഷയിൽ പറഞ്ഞു.

''അങ്ങ് കൽപ്പിച്ചാൽ മതി, എന്തു ചെയ്യണമെന്ന്. അടിയങ്ങളെല്ലാം തിരുമനസ്സിന്റെ ഒപ്പമുണ്ട്.'' മസ്തകൻ ആന തന്റെ കൂട്ടുകാരന്റെ മുഖത്തേക്ക് നോക്കി സിംഹരാജന് പിന്തുണ പ്രഖ്യാപിച്ചു.

''നിങ്ങളുടെ ഐക്യവും നിശ്ചയദാർഢ്യവും മതി കാടു സംരക്ഷിക്കാൻ. അതുവഴി വരാനിരിക്കുന്ന വരൾച്ച നേരിടാനാകും.''

മൃഗരാജൻ ആത്മവിശ്വാസത്തോടെ പറഞ്ഞു.

''തിരുമേനീ, ഇക്കാര്യത്തിൽ നമ്മുടെ പക്ഷി ശ്രേഷ്ഠനായ മലമുഴക്കിയുടെയും മലയണ്ണാന്റെയും സേവനം നമുക്ക് പ്രയോജനപ്പെടുത്താനാവും.''

ഉപദേശകൻ കുറുക്കൻ തന്റെ ബുദ്ധിയിലുദിച്ച ആശയം വെളുപ്പെടുത്തി.

''എങ്ങനെ? പറയൂ..!''

''നമ്മുടെ വനാതിർത്തിയിൽ മനുഷ്യരാരെങ്കിലും മരം മുറിക്കുന്നതിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് രഹസ്യമായി കണ്ടെത്തി പറയാൻ അവർക്കു കഴിയും.''

''അത് ശരിയാണ് തിരുമനസ്സേ....'' മന്ത്രി ചെന്നായ് കുറുക്കന്റെ ആശയത്തെ പിന്താങ്ങി.

''അങ്ങനെയാണെങ്കിൽ അവരെ ഓടിക്കുകയാണ് ആദ്യം വേണ്ടത്, അല്ലേ..?''

തിരുമനസ്സിന് ഉൽസാഹമായി.

''മലമുഴക്കിയും മലയണ്ണാനും കേട്ടല്ലോ.?''

മൃഗരാജൻ രണ്ടുപേരുടെയും നേരെ തിരിഞ്ഞു.

''ഇപ്പോൾതന്നെ കാടു മുഴുവൻ അരിച്ചുപെറുക്കി വനനശീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യർ ആരെങ്കിലുമുണ്ടെങ്കിൽ കണ്ടുപിടിച്ച് വിവരം നമ്മെ അറിയിക്കണം. ഇതു രാജകൽപ്പനയാണ്.''

''ഉത്തരവ് തിരുമേനീ, അടിയങ്ങൾ അഭിമാനപൂർവ്വം ഈ ജോലി ഏറ്റെടുത്തിരിക്കുന്നു.''

മലമുഴക്കിയും മലയണ്ണാനും എല്ലാവരും നോക്കിനിൽക്കേ വനത്തിന്റെ ഉള്ളിലേക്ക് മറഞ്ഞു.

''ഇനി എല്ലാവർക്കും സമാധാനമായി പിരിഞ്ഞു പോകാം.''

മൃഗരാജൻ കൽപ്പിച്ചു.

''കാട് സംരക്ഷിക്കാനും അതോടെ വരൾച്ച നേരിടാനുമുള്ള ശ്രമം നാം ആരംഭിച്ചുകഴിഞ്ഞു.''

''മഹാരാജാവ് വിജയിക്കട്ടെ.''

മൃഗങ്ങൾ ആശ്വാസത്തോടെ വനത്തിനുള്ളിലേക്ക് മടങ്ങി. മലമുഴക്കി വേഴാമ്പലും മലയണ്ണാനും കുറേ അലഞ്ഞെങ്കിലും അസാധാരണമായ എന്തെങ്കിലും കാഴ്ചയോ ശബ്ദമോ വനത്തിനുള്ളിൽ കണ്ടെത്താനായില്ല.

ക്ഷീണം തീർക്കാൻ അവർ ഒരു കാട്ടു ഞാവൽ മരത്തിന്റെ കൊമ്പിലിരുന്നു. അപ്പോഴാണ് മലയണ്ണാന്റെ സൂക്ഷ്മദൃഷ്ടിയിൽ ആ കാഴ്ച പെട്ടത്. എവിടെ നിന്നോ പുകച്ചുരുളുകൾ ഉയരുന്നു. കൂടെ കാടിന് അപരിചിതമായ ഗന്ധവും.

''നോക്കൂ, ആ വൃക്ഷത്തലപ്പുകൾക്കിടയിലൂടെ കാണുന്നത് പുകയല്ലേ...?'' മലയണ്ണാൻ നോക്കിയ ഭാഗത്തേക്ക് മലമുഴക്കി തിരിഞ്ഞു.

''ശരിയാണ്, പുകപടലം തന്നെ. തീയുള്ളിടത്തേ പുകയുണ്ടാകൂ..

തീയും പുകയുമുണ്ടെങ്കിൽ സംശയം വേണ്ട, അവിടെ മനുഷ്യ സാന്നിധ്യം തീർച്ച.''

''വരൂ, നമുക്ക് സംശയം തീർത്ത് വരാം.'' മലമുഴക്കി മുമ്പേ പറന്നു. പിന്നാലെ മലയണ്ണാൻ ട്രപ്പീസു കളിക്കാരനെ പോലെ പിന്തുടർന്നു. അവിടെ കണ്ട കാഴ്ച അവരെ നടുക്കി. നല്ല തടിമിടുക്കുള്ള നാല



ഞ്ചുപേർ മരം മുറിച്ച് തള്ളുകയാണ്. ഒഴിഞ്ഞ ഒരിടത്ത് മറ്റു രണ്ടുപേർ വലിയ പാത്രങ്ങളിൽ ഭക്ഷണം തയ്യാറാക്കുകയാണ്. അവർ തീ ഊതിക്കത്തിക്കുകയും ഉറക്കെ സംസാരിക്കുകയും ചെയ്യുന്നു.

''വരൂ, ഉടനെ നമുക്ക് തിരുമനസ്സിനെ വിവരം ധരിപ്പിക്കാം.'' മലമുഴക്കിയും മലയണ്ണാനും ക്ഷീണം മറന്ന് അതിവേഗം കൊട്ടാരത്തിലേക്ക് വെച്ചു പിടിച്ചു.

വിവരം അറിഞ്ഞ സിംഹരാജൻ കോപാകുലനായി.

''മന്ത്രീ...'' മൃഗരാജൻ ശബ്ദമുയർത്തി.

''അടിയൻ'' മന്ത്രി ചെന്നായ് കൽപ്പന കേൾക്കാൻ പാഞ്ഞെത്തി.

''എത്രയും വേഗം മസ്തകൻ ആനയെ വിവരം അറിയിക്കണം. ചുണക്കുട്ടൻമാരായ എട്ടു പത്ത് കുട്ടിക്കൊമ്പൻമാരെ കൂടെ കൂട്ടിക്കൊള്ളാൻ പറയൂ; ആ കാട്ടു കള്ളൻമാരെ കാടു കടത്തിയിട്ടേ മടങ്ങാവൂ എന്നറിയിക്കുക.''

''കൽപ്പന പോലെ...!''

കാട്ടാനക്കൂട്ടം കാടു കുലുക്കി വരുന്നത് നടുക്കത്തോടെയാണ് കൊള്ളക്കാർ കണ്ടത്. എല്ലാം ഇട്ടെറിഞ്ഞ് അവർ ജീവനും കൊണ്ടോട്ടമായി. ആനകളുണ്ടോ വിടുന്നു. മസ്തകന്റെ നേതൃത്വത്തിൽ കരിവീരൻമാർ തുമ്പിക്കൈയുയർത്തി ചിന്നം വിളികളോടെ പിന്നാലെ വിട്ടു.

ബ്രാ.. ബ്രാ....

കാട്ടുകള്ളൻമാർ കണ്ണിൽ നിന്നും മറയും വരെ ആനക്കൂട്ടം നിർത്താതെ ഓടി.

''മതി, മതി, ചങ്ങാതികളേ... ഇനി ആ ദുഷ്ടൻമാർ കാട്ടിലേക്ക് കടക്കില്ല.'' മസ്തകൻ കൂട്ടുകാർക്ക് നിർദേശം കൊടുത്തു.

''അണ്ണാ, ജീവിതത്തിൽ ഇത്ര വേഗത്തിൽ മുമ്പ് ഓടിയിട്ടില്ല.'' മറ്റാനകൾ കിതപ്പോടെ പറഞ്ഞു.

''നമ്മുടെ ജീവിതംകൊണ്ടുള്ള കളിയല്ലേ. ഓടാതിരിക്കാൻ പറ്റുമോ..?!'' മസ്തകൻ വിജയാഹ്ലാദത്തോടെ ചിരിച്ചപ്പോൾ കൂട്ടുകാരും ഒപ്പം കൂടി.

◈

▸▸ ഡോക്ടർ സാലിം അലിയുടെ ആത്മകഥ – ഒരു കുരുവിയുടെ പതനം